15 -ാം കേരള നിയമസഭ

8 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3270 — 01-03-2023 - ൽ മറുപടിയ്ക്ക്

## അമ്പലപ്പുഴ മണ്ഡലത്തിൽ സ്ഥലം ഏറ്റെടുക്കൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ദേശീയ പാത 66 ന്റെ വികസനത്തിന്റെ ഭാഗമായി അമ്പലപ്പുഴ മണ്ഡലത്തിൽ വിദ്യാഭ്യാസ വകുപ്പിന്റെ എത്ര സെന്റ് സ്ഥലവും കെട്ടിടങ്ങളുമാണ് ഏറ്റെടുത്തതെന്ന് അറിയിക്കുമോ; | (എ) | ദേശീയപാത 66 ന്റെ വികസനത്തിന്റെ ഭാഗമായി അമ്പലപ്പുഴ മണ്ഡലത്തിൽ വിദ്യാഭ്യാസ വകുപ്പിൽ നിന്നും ഏറ്റെടുക്ക പ്പെടുന്ന/നഷ്ടപ്പെടുന്ന സ്ഥലത്തിന്റേയും കെട്ടിടങ്ങളുടേയും വിശദാംശം ചുവടെ ചേർക്കുന്നു.<br><br>1) യു.പി.എസ് - പുന്നപ്ര- നാഷണൽ ഹൈവേ അതോറിറ്റ് ഓഫ് ഇന്ത്യയുടെ ഭൂമി ഏറ്റെടുക്കൽ പൂർണ്ണമായും നടന്നിട്ടില്ല ആയതിനാൽ ടി സ്കൂളിന്റെ എത്ര സെന്റ് സ്ഥലവും കെട്ടിടവും ഏറ്റെടുക്കപ്പെടുമെന്ന് നിലവിൽ പറയാൻ സാധിക്കുകയില്ല.<br><br>2)കെ.കെ.കെ.പി.എം.ജി.എച്ച്.എസ് അമ്പലപ്പുഴ – 0.070 ഹെക്ടർ സ്ഥലം നഷ്ടപ്പെടും.<br><br>3) ഗവ.ന്യൂ എൽ.പി.എസ് പുറക്കാട് - കെട്ടിടം പൊളിച്ചപ്പോൾ 50 ചതുരശ്ര മീറ്റർ സ്ഥലവും ചുറ്റമതിലിന്റെ 40 മീറ്റർ മുൻഭാഗവും നഷ്ടപ്പെട്ടിട്ടുണ്ട്.<br><br>4) ജി.എൽ.പി.എസ് കുമാരപുരം നോർത്ത് - കെട്ടിടം പൊളിച്ചപ്പോൾ ഓഫീസ് മുറി, സ്റ്റാഫ് മുറി ഉൾപ്പെടുന്ന രണ്ട് മുറി കെട്ടിടം സ്കൂളിന്റെ പ്രധാന കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഒരു ക്ലാസ് മുറി ,50 മീറ്റർ നീളത്തിൽ ചുറ്റമതിൽ, വാട്ടർ ടാങ്ക്, വൈദ്യുതി മീറ്റർ ബോർഡ് സംവിധാനങ്ങൾ, കിഡ്സ് പാർക്ക് മുതലായവ നഷ്ടപ്പെട്ടു.<br><br>5)എസ്.ഡി.വി.ജി.യു.പി.എസ് നീർക്കുന്നം - കെട്ടിടം പൊളിച്ചപ്പോൾ 50 മീറ്റർ നീളം വരുന്ന മതിലും 2 ഗേറ്റും ഉൾപ്പെടെ ഏകദേശം 2 സെന്റോളം സ്ഥലം നഷ്ടപ്പെട്ടു.<br><br>6)ഗവ.എൽ.പി.എസ് തോട്ടപ്പള്ളി- കെട്ടിടം പൊളിച്ചപ്പോൾ 50 മീറ്റർ നീളം വരുന്ന മതിലും 2 ഗേറ്റും ഉൾപ്പെടെ ഏകദേശം 2 സെന്റോളം സ്ഥലം നഷ്ടപ്പെട്ടു.<br><br>7) ഉപജില്ലാ വിദ്യാഭ്യാസ ആഫീസ് അമ്പലപ്പുഴ – കാര്യാലയത്തിന്റെ മതിലും.കെട്ടിടത്തിന്റെ ഒരു ഭാഗവും |

<table>
<tr><td></td><td></td><td></td><td>നഷ്ടപ്പെട്ടു.</td></tr>
<tr><td>(ബി)</td><td>സ്ഥലം ഏറ്റെടുത്തപ്പോൾ കെട്ടിടങ്ങളും മതിലുകളും പൊളിച്ച് മാറ്റേണ്ടി വന്ന സ്കൂളുകളിൽ സ്ഥലവും ചമയങ്ങളും ഏറ്റെടുത്ത ഇനത്തിൽ എത്ര രൂപ എൻ.എച്ച്.എ.ഐ. ൽ നിന്ന് സർക്കാരിന്റെ പൊതു അക്കൗണ്ടിൽ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;</td><td>(ബി)</td><td>സ്ഥലം ഏറ്റെടുത്തപ്പോൾ കെട്ടിടങ്ങളും മതിലുകളും പൊളിച്ച് മാറ്റേണ്ടി വന്ന സ്കൂളുകളിൽ കെട്ടിട ചമയങ്ങൾക്ക് 73,12,754 രൂപ (എഴുപത്തിമൂന്ന് ലക്ഷത്തി പന്ത്രണ്ടായിരത്തി എഴുനൂറ്റി അമ്പത്തിനാല് രൂപ മാത്രം) എൻ.എച്ച്.എ.ഐ. ൽ നിന്ന് അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ടി തുക സർക്കാരിന്റെ പൊതു അക്കൗണ്ടിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട് .ഏറ്റെടുത്ത സ്ഥലം സർക്കാർ / പുറമ്പോക്ക് ഭൂമി ആയതിനാൽ ആയതിന്റെ നഷ്ടപരിഹാരം തിട്ടപ്പെടുത്തി നൽകിയിട്ടില്ല. അനുവദിച്ച ടി തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.
<table>
<tr><th>ക്രമ നമ്പർ</th><th>സ്ഥാപനത്തിന്റെ പേര്</th><th>തുക</th></tr>
<tr><td>1</td><td>യു.പി.എസ് - പുന്നപ്ര</td><td>Rs.14,66,261</td></tr>
<tr><td>2</td><td>എസ്.ഡി.വി.ജി. യു.പി.എസ്. നീർക്കുന്നം</td><td>Rs.4,82,753</td></tr>
<tr><td>3</td><td>ഗവ.എൽ.പി.എസ് തോട്ടപ്പള്ളി-</td><td>Rs.43,02,389</td></tr>
<tr><td>4</td><td>ഗവ.ന്യൂ എൽ.പി.എസ് പുറക്കാട്</td><td>Rs.3,27,334</td></tr>
<tr><td>5</td><td>കെ.കെ.കെ.വി.എം. ജി.എച്ച്.എസ് അമ്പലപ്പുഴ</td><td>Rs.7,34,017</td></tr>
<tr><td>ആകെ</td><td></td><td>Rs.73,12,754</td></tr>
</table></td></tr>
<tr><td>(സി)</td><td>അവ പുനർനിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ;</td><td>(സി)</td><td>പുനർനിർമ്മാണവുമായി ബന്ധപ്പെട്ട നടപടികൾ നിലവിൽ സ്വീകരിച്ചിട്ടില്ല.</td></tr>
<tr><td>(ഡി)</td><td>എൻ.എച്ച്.എ.ഐ. ൽ നിന്നും സ്കൂളുകളുടെ സ്ഥലവും കെട്ടിടവും ചമയങ്ങളും ഏറ്റെടുത്ത വകയിൽ ലഭ്യമായ തുക അതേ സ്ഥാപനങ്ങൾക്ക് നൽകുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?</td><td>(ഡി)</td><td>എൻ.എച്ച്.എ.ഐ. ൽ നിന്നും സ്കൂളുകളുടെ കെട്ടിടവും ചമയങ്ങളും ഏറ്റെടുത്ത വകയിൽ ലഭ്യമായ തുക അതേ സ്ഥാപനങ്ങൾക്ക് നൽകുന്നതിനായുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് അനുയോജ്യമായ നടപടികൾ സ്വീകരിക്കുന്നതാണ് .</td></tr>
</table>

സെക്ഷൻ ഓഫീസർ